**K23P 3044**

Reg. No.: ..................................

Name : ....................................

## I Semester M.A. Degree (C.B.C.S.S. -OBE – Regular) Examination, October 2023 (2023 Admission)

### മലയാളം

### MAMAL01C02 : പ്രാചീന മധ്യകാലസാഹിത്യം

Time : 3 Hours                                                                                     Max. Marks : 80

I. **1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **5** എണ്ണത്തിന് ഉത്തരമെഴുതുക. **ഓരോന്നും ഒരു പുറത്തിൽ** കവിയരുത്. **(5×4=20)**

1) 'അകമഴിന്തു വിപിഴണന –
രചർക്കുകോനിവണ്ണം ചൊല്ലി –
പ്പുകണ്ണപോതരിവീരർ പോരി –
ലരക്കരപ്പൊരുതാർ കനം' – വിഭീഷണൻ ആരെയാണ് പുകഴ്ത്തിയത് ? പുകഴ്ത്തിപ്പറഞ്ഞതെന്തെല്ലാം ?

2) 'ഇവിടെനിശിചരപതി വലീമുഖവേഷമാ –
യെന്നെ മോഹിപ്പിപ്പതിന്നുവരികയോ' – ആരാണിങ്ങനെ ചിന്തിച്ചത് ? സന്ദർഭമെഴുതി വിശദീകരിക്കുക.

3) 'ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും' – സന്ദർഭമെഴുതി ഈ വരിയുടെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുക.

4) ഉദയംപേരൂർ സൂനഹദോസിലെ കാനോനകളുടെ ചരിത്ര പ്രാധാന്യമെന്ത് ?

5) "തമിൾ സംസ്കൃത മെന്റുള്ള
സുമനസ്സുകൾകൊണ്ടൊരു
ഇണ്ടമാലതൊടുക്കിന്റേൻ
പുണ്ടരികാക്ഷപൂജയായ്" – മണിപ്രവാള പഠനത്തിൽ ഈ ശ്ലോകത്തിനുള്ള പ്രാധാന്യമെന്ത് ?

6) വർത്തമാന പുസ്തകത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

P.T.O.



II. **7** മുതൽ **11** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോന്നും മൂന്നുപുറത്തിൽ** കവിയരുത്. **(3×8=24)**

7) ആദ്യകാലമിഷനറി ഗദ്യകൃതികളിൽ പ്രകടമാകുന്ന പൊതുപ്രവണതകളെ ഡോ. സ്കറിയ സക്കറിയ വിലയിരുത്തുന്നതെങ്ങനെ ?

8) കോകസന്ദേശത്തിൽ നിന്നു ലഭിക്കുന്ന ചരിത്ര വസ്തുതകൾ എന്തെല്ലാം ?

9) 'മനോഹരമായ വർണനാവസനങ്ങൾ തൂക്കിയിടാനുള്ള അയക്കോലുകളാണ് ചമ്പുക്കളിലെ ഇതിവൃത്തം' – ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

10) ദ്വാരകയിലേക്ക് പോകുന്ന കുചേലന്റെ ചിന്തകൾ എന്തെല്ലാം ?

11) പാട്ടിന്റെ ലക്ഷണം രാമചരിതത്തിന് എത്രത്തോളം യോജിക്കുന്നുവെന്ന് പരിശോധിക്കുക.

III. **12** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോന്നും അഞ്ച് പുറത്തിൽ** കവിയരുത്. **(3×12=36)**

12) തലശ്ശേരിരേഖകളുടെ ചരിത്രപരവും ഭാഷാപരവുമായ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

13) 'ഒരേ സാംസ്കാരിക ധാരയുടെ വ്യത്യസ്ത സാഹിത്യരൂപങ്ങളായിരുന്നു പാട്ടും മണിപ്രവാളവും' – ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

14) എഴുത്തച്ഛൻ കൃതികളിലെ ഭക്തിയെക്കുറിച്ചുള്ള കെ. എൻ. ഗണേശിന്റെ നിരീക്ഷണങ്ങളെന്തെല്ലാം ?

15) രാമചരിതം മുതൽ കൃഷ്ണഗാഥവരെയുള്ള കൃതികളിലെ മലയാള കാവ്യഭാഷാപരിണാമത്തെക്കുറിച്ച് വിവരിക്കുക.

16) 'ഉടലുകൊണ്ടെന്ന പോലെ ഉയിരുകൊണ്ടും തനി തദ്ദേശീയമായ പാട്ട് പ്രസ്ഥാനകൃതിയാണ് തിരുനിഴൽമാല' – സമർത്ഥിക്കുക.

---